# Desabhimani
# 30 August 2018
# After Flood, Relief Measure

## 10,000 രൂപ സംഭാവന നൽകി



സി എൻ സദാനന്ദനിൽ നിന്ന് സി കെ മണിശങ്കർ ചെക്ക് ഏറ്റുവാങ്ങുന്നു

**വൈറ്റില**

ഓണാഘോഷം ഒഴിവാക്കി പൊന്നുരുന്നി പി സി ബ്രദേഴ്സ് കൂട്ടായ്മ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 10,000 രൂപ സംഭാവന നൽകി. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം സി കെ മണിശങ്കർ, പ്രസിഡന്റ് സി എൻ സദാനന്ദനിൽനിന്ന് ചെക്ക് ഏറ്റുവാങ്ങി. അഡ്വ. കെ എം വികാസ്, ടി പി രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## 'എല്ലാം നഷ്ടപ്പെട്ട വിദ്യാർഥികളെ സഹായിക്കണം'

**കളമശേരി**

സ്കൂളിൽ വരാൻ വസ്ത്രങ്ങൾ പോലുമില്ലാതായ വിദ്യാർഥികൾക്ക് സന്മനസ്സുള്ളവരുടെ സഹായം ലഭ്യമായില്ലെങ്കിൽ അനേകം വിദ്യാർഥികളുടെ പഠനം നിലയ്ക്കുന്ന സ്ഥിതിയുണ്ടാകുമെന്ന് ഏലൂർ ഗവ. ഹൈസ്കൂളിലെ പ്രധാനാധ്യാപിക സുചേത പറഞ്ഞു. 80 ശതമാനത്തിലേറെ ജനങ്ങളും കടുത്ത ദുരിതമനുഭവിക്കുന്ന ഏലൂരിൽനിന്ന് ഇനിയും സഹായമൊന്നും പ്രതീക്ഷിക്കാനാവില്ല. ഏലൂരിലെ എല്ലാ സ്കൂളുകളുടെയും അവസ്ഥ ഇതാണ്. പ്രളയമേൽപ്പിച്ച ആഘാതത്തോടൊപ്പം വസ്ത്രം, ബാഗ്, പുസ്തകങ്ങൾ, കുട എന്നിവ നഷ്ടമായത് കുട്ടികളെ സാരമായി ബാധിക്കുമെന്നും അവർ പറഞ്ഞു.

## മെഡിക്കൽ കോളേജിൽ ഡിവൈഎഫ്ഐ ഉച്ചഭക്ഷണം നൽകി



മെഡിക്കൽ കോളേജിലേക്ക് ഉച്ചഭക്ഷണവുമായി പുറപ്പെട്ട വാഹനം എൻ ടി സുനിൽ ഫ്ലാഗ് ഓഫ് ചെയ്യുന്നു

**പള്ളുരുത്തി**

'ജീവനു രക്തം, വിശപ്പിനു ഭക്ഷണം' ക്യാമ്പയിന്റെ ഭാഗമായി ഡിവൈഎഫ്ഐ കുമ്പളങ്ങി സൗത്ത് മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉച്ചഭക്ഷണം വിതരണംചെയ്തു. ഭക്ഷണവുമായി പുറപ്പെട്ട വാഹനം സിപിഐ എം ലോക്കൽ സെക്രട്ടറി എൻ ടി സുനിൽ ഫ്ലാഗ്ഓഫ്ചെയ്തു. സിജെ ജോഷി, പി കെ ലെനിൻ എന്നിവർ പങ്കെടുത്തു.

## ശുചീകരണത്തിനുപോയ യുവാവിന് വാഹനാപകടത്തിൽ പരിക്ക്

**പള്ളുരുത്തി**

ദുരിതാശ്വാസപ്രവർത്തനത്തിന്റെ ഭാഗമായി ശുചീകരണത്തിനുപോയി മടങ്ങിവരുന്ന വഴി യുവാവിന് വാഹനപകടത്തിൽ പരിക്കേറ്റു.

ചെല്ലാനം കളത്തിൽവീട്ടിൽ മനോഹരന്റെ മകൻ ബിനു (24) വാണ് വാഹനാപകടത്തിൽപ്പെട്ടത്. കഴിഞ്ഞ 22 നാണ് കളമശേരി പോളിടെക്നിക്കിൽ ബിനു ശുചീകരണത്തിനു പോയത്. 24നു മടങ്ങിവരുന്ന വഴിയാണ് ഇടപ്പള്ളി ഭാഗത്തു വച്ച് ബിനുവിന്റെ ബൈക്കിൽ കാർ ഇടിച്ചത്.

ഇടിച്ച കാർ നിർത്താതെ പോയി. ബിനുവിന്റെ രണ്ടു കാലിന്റെയും എല്ലുകൾക്ക് പൊട്ടലുണ്ട്.

മുട്ടിനു താഴേക്കു മാംസവും പൊളിഞ്ഞു. ഗുരുതരമായി പരിക്കേറ്റ യുവാവിനെ എറണാകുളം മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

## ഓട്ടോത്തൊഴിലാളികൾ ഒരുദിവസത്തെ വരുമാനം നൽകും



ദുരിതാശ്വാസനിധിയിലേക്ക് ഓട്ടോത്തൊഴിലാളികളുടെ ഒരുദിവസത്തെ വേതനം നൽകുന്ന ഓട്ടോറിക്ഷകൾ കെ എം റിയാദ് ഫ്ലാഗ്ഓഫ് ചെയ്യുന്നു

**മട്ടാഞ്ചേരി**

ഓട്ടോ ഡ്രൈവേഴ്സ് അസോസിയേഷൻ ഇജെഡിഎ (സിഐടിയു) കൊച്ചി ഏരിയ കമ്മിറ്റി അംഗങ്ങളും സ്റ്റാൻഡ് കമ്മിറ്റി ഭാരവാഹികളും ഒരുദിവസത്തെ ഓട്ടത്തിൽ ലഭിക്കുന്ന വേതനം സിപിഐ എം കൊച്ചി ഏരിയ സെക്രട്ടറി കെ എം റിയാദ് ദുരിതാശ്വാസനിധിയിലേക്ക് തുക ശേഖരിക്കുന്ന ഓട്ടോറിക്ഷകൾ ഫ്ലാഗ്ഓഫ്ചെയ്തു. യൂണിയൻ സെക്രട്ടറി കെ ജെ സാജു, വി എക്സ് ചെല്ലപ്പൻ, ടി ജെ നെൽ

### ദുരിതാശ്വാസം

## 1ന് ഒബ്റോൺമാളിൽ ഗാനസന്ധ്യ

**കൊച്ചി**

പ്രളയക്കെടുതിക്കുശേഷം ക്യാമ്പുകളിൽനിന്നും വീടുകളിലേക്കു മടങ്ങുന്നവരെ സഹായിക്കുന്നതിന്റെ ഭാഗമായി ഒബ്റോൺമാളിൽ സെപ്റ്റംബർ ഒന്നിന് സംഗീതസന്ധ്യ സംഘടിപ്പിക്കും. പഹ്ചാൻ മു

ന്ന സംഗീതസന്ധ്യ ഗായകൻ ബിജു നാരായണൻ ഉദ്ഘാടനംചെയ്യും. വൈകിട്ട് അഞ്ചുമുതലാണ് പരിപാടി.

ജ്യോതി മേനോൻ നയിക്കുന്ന സംഗീതസന്ധ്യയിൽ ഗായകരായ വിജേഷ് ഗോപാൽ, യഹിയ അസീസ്, പുഷ്പദാസ്